ദേശാഭിമാനി

14 October 2023

■ അഗ്രി. സയൻസ് കോൺഗ്രസ് സമാപിച്ചു

# കാർഷിക വ്യവസായങ്ങളുടെ സിഎസ്ആർ ഫണ്ട് കർഷകർക്കായി ചെലവഴിക്കണം



അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ പ്രസംഗമത്സരത്തിൽ സമ്മാനം നേടിയ വിദ്യാർഥികൾ സമാപനസമ്മേളന വേദിയിൽ

സ്വന്തം ലേഖകൻ

**കൊച്ചി**

കാർഷികമേഖലയുമായി ബന്ധപ്പെട്ട വ്യവസായസ്ഥാപനങ്ങളുടെ സിഎസ്ആർ ഫണ്ട് കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് വിനിയോഗിക്കണമെന്ന് നിർദേശം. 16–ാമത് അഗ്രികൾച്ചർ സയൻസ് കോൺഗ്രസിൽ കാർഷികരംഗത്തെ വ്യവസായികളും ശാസ്ത്രജ്ഞരും പങ്കെടുത്ത സംവാദത്തിലാണ് നിർദേശമുയർന്നത്.

മത്സ്യ, മൃഗസംരക്ഷണരംഗത്ത് തദ്ദേശീയമായ തീറ്റകൾ വികസിപ്പിക്കണം. ഇതിലൂടെ കൃഷിച്ചെലവ് കുറയ്ക്കാം. ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പാക്കാൻ ഗവേഷണ വ്യവസായസ്ഥാപനങ്ങൾ സഹകരിച്ച് പ്രവർത്തിക്കണമെന്നും നിർദേശമുയർന്നു. ഡോ. ശ്യാം നാരായൺ ഝാ അധ്യക്ഷനായി. ഡോ. സി ആർ മേത്ത, ഡോ. ആർ ഭട്ട, ഡോ. ജോർജ് നൈനാൻ, ജയിംസ് പി ജോർജ്, ഡോ. ഭരത്, ഡോ. സംഗീത ദാവർ, മുഹമ്മദ് സേട്ട്, ഡോ. ശ്യാം എസ് സലീം എന്നിവർ സംസാരിച്ചു.

സമാപനസംഗമത്തിൽ ഐസിഎആർ ഡയറക്ടർ ജനറൽ ഡോ. ഹിമാൻഷു പതക് അധ്യക്ഷനായി. വിദ്യാർഥികൾക്കായി നടത്തിയ പ്രസംഗമത്സരത്തിലെ വിജയികൾക്ക് സമ്മാനം നൽകി. നാസ് വൈസ് പ്രസിഡന്റ് ഡോ. കെ എം ബുജർബറുവ, ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ കെ ജെന, ഡോ. പഞ്ചാബ് സിങ്, നാസ് സെക്രട്ടറി ഡോ. ഡബ്ല്യു എസ് ലാക്ര, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.